# കേരള സർവകലാശാല

## ഒന്നാം വർഷ ബിരുദ പ്രവേശനം 2021

## എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്കുള്ള പ്രവേശനം.

എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്കുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. വിദ്യാർഥികൾക്ക് അവരുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് കമ്മ്യൂണിറ്റി ക്വാട്ട എന്ന ടാബ് ഉപയോഗിച്ച് റാങ്ക് ലിസ്റ്റ് പരിശോധിക്കാവുന്നതാണ്. ഒക്ടോബർ 4 മുതൽ 6 വരെയാണ് കോളേജ് പ്രവേശനം. റാങ്ക് ലിസ്റ്റിൽ ഓരോ വിദ്യാർഥിയുടെയും പേരിനു നേർക്ക് കോളേജിൽ കൗൺസിലിംഗിനായി ഹാജരാകേണ്ട തീയതിയും സമയവും നൽകിയിട്ടുണ്ട്.

റാങ്ക് ലിസ്റ്റിൽ ഹാജരാകാൻ സമയം തന്നിട്ടുള്ളവർ മാത്രമേ കോളേജിൽ ഹാജരാകാവൂ. ആദ്യ 100 റാങ്ക് വരെയുള്ളവർക്ക് മാത്രമാണ് ആദ്യ ഘട്ടത്തിൽ കൗൺസിലിങ് നടത്തുന്നത്. സീറ്റുകൾ ബാക്കിയാവുന്ന പക്ഷം മാത്രം രണ്ടാം ഘട്ട കൗൺസിലിങ് നടത്തുന്നതാണ്. അതിനുള്ള തീയതിയും സമയവും പിന്നീട് അറിയിക്കും.

എല്ലാ കോളേജുകളിലും ഒരു കോഴ്സിന് ഒരേ ഷെഡ്യൂളിൽ തന്നെയാണ് കൗൺസിലിംഗ് നടത്തുന്നത്. അതിനാൽ ഒന്നിൽ കൂടുതൽ കോളേജുകളുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് കൗൺസിലിങ്ങിൽ പങ്കെടുക്കാൻ രക്ഷാകർത്താവ് / പ്രതിനിധിയുടെ സഹായം ഉപയോഗപ്പെടുത്താം. പ്രതിനിധിയാണ് ഹാജരാകുന്നത് എങ്കിൽ അപേക്ഷയുടെ പ്രിന്റൗട്ട്, വിദ്യാർഥി ഒപ്പിട്ട authorization letter എന്നിവ ഹാജരാക്കണം. റാങ്ക് ലിസ്റ്റിൽ പറഞ്ഞിട്ടുള്ള കൃത്യ സമയത്തു തന്നെ വിദ്യാർഥിയോ പ്രതിനിധിയോ കോളേജിൽ ഹാജരായിരിക്കേണ്ടതാണ്. റാങ്ക് അനുസരിച്ചാണ് കൗൺസിലിങ്. റാങ്ക് വിളിക്കുന്ന സമയം വിദ്യാർഥിയോ പ്രതിനിധിയോ ഹാജരില്ല എങ്കിൽ റാങ്ക് ലിസ്റ്റിലെ അടുത്തയാളെ വിളിക്കുന്നതാണ്. പിന്നീട് ആ വിദ്യാർത്ഥിക്ക് ആ സീറ്റ് അവകാശപ്പെടാൻ സാധിക്കില്ല.

ഓരോ കോഴ്സിനും നിശ്ചിത എണ്ണം സീറ്റുകൾ മാത്രമാണ് കമ്മ്യൂണിറ്റി ക്വാട്ടയിൽ ഉള്ളത്. സീറ്റുകളുടെ എണ്ണം കോളേജിൽ പ്രസിദ്ധീകരിക്കും. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടു എന്നതും കൗൺസിലിംഗിന് സമയം അനുവദിച്ചു എന്നതും കൊണ്ട് സീറ്റ് ഉറപ്പാകുന്നില്ല എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുക.

അഡ്മിഷന് ഹാജരാകുന്നവർ എല്ലാ സർട്ടിഫിക്കറ്റുകളുടെയും അസ്സൽ ഹാജരാക്കേണ്ടതാണ്. പ്രതിനിധി ഹാജരാകുന്ന കോളേജിൽ ആണ് അഡ്മിഷൻ ലഭിക്കുന്നതെങ്കിൽ പ്രിൻസിപ്പാൾ അനുവദിക്കുന്ന സമയത്തിനുള്ളിൽ വിദ്യാർഥി നേരിട്ട് എത്തി അസ്സൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി അഡ്മിഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. നിലവിൽ അലോട്ട്മെന്റ് മുഖേന മറ്റേതെങ്കിലും കോളേജിൽ അഡ്മിഷൻ ലഭിച്ചിട്ടുള്ളവർ അഡ്മിറ്റ് മെമോ ഹാജരാക്കണം. അങ്ങനെയുള്ളവർ കമ്മ്യൂണിറ്റി ക്വാട്ടയിൽ അഡ്മിഷൻ ലഭിക്കുന്ന പക്ഷം പ്രിൻസിപ്പാൾ അനുവദിക്കുന്ന സമയത്തിനുള്ളിൽ അഡ്മിഷൻ ലഭിച്ച കോളേജിൽ നിന്നും ടി.സി.യും മറ്റു സർട്ടിഫിക്കറ്റുകളും വാങ്ങി അഡ്മിഷൻ നടപടികൾ പൂർത്തിയാക്കണം. പ്രിൻസിപ്പാൾ അനുവദിക്കുന്ന നിശ്ചിത സമയത്തിനുള്ളിൽ അഡ്മിഷൻ നടപടി പൂർത്തിയാക്കാത്തവരുടെ സീറ്റ് ഒഴിവുള്ളതായി പരിഗണിക്കുന്നതും അടുത്ത ഘട്ടത്തിലെ കൗൺസിലിങ്ങിൽ നികത്തുന്നതുമാണ്. അവരെ പിന്നീട് യാതൊരു കാരണവശാലും ആ സീറ്റിലേക്ക് പരിഗണിക്കുന്നതല്ല.

അഡ്മിഷൻ ലഭിക്കുന്നവർ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അവരുടെ പ്രൊഫൈലിൽ നിന്നും ഓൺലൈനായി അടക്കേണ്ടതാണ്. ഇതിനുള്ള ലിങ്ക് കോളേജിൽ നിന്നും ആക്റ്റീവ് ആക്കി നൽകും. യൂണിവേഴ്സിറ്റി ഫീസിന്റെ വിശദാംശങ്ങൾ പ്രോസ്പെക്ടസ്സിൽ നൽകിയിട്ടുണ്ട്. അതോടൊപ്പം കോളേജിൽ അടക്കേണ്ട നിശ്ചിത ഫീസും ഒടുക്കേണ്ടതാണ്. **Temporary / താത്കാലിക അഡ്മിഷൻ കമ്മ്യൂണിറ്റി ക്വാട്ടയിൽ ബാധകമല്ല എന്ന കാര്യം ശ്രദ്ധിക്കുക.**

- ലോക്ക് ഡൗണുമായി ബന്ധപ്പെട്ട് വിദേശത്തോ മറ്റു സംസ്ഥാനങ്ങളിലോ കുടുങ്ങിയവർക്ക് കൗൺസിലിംഗിൽ പങ്കെടുക്കാൻ പ്രതിനിധിയുടെ സഹായം തേടാം. നേരിട്ട് ഹാജരാകാൻ കഴിയാത്തവർ വിദേശ രാജ്യങ്ങളിൽ കഴിയുന്നവർ ആണെങ്കിൽ അതിനുള്ള കാരണം കാണിക്കുന്ന സത്യവാങ്മൂലം കോൺസുലേറ്റ് സാക്ഷ്യപ്പെടുത്തി പ്രതിനിധി വശം ഹാജരാക്കേണ്ടതാണ്. അന്യ സംസ്ഥാനങ്ങളിൽ കഴിയുന്നവർ വ്യക്തമായി കാരണം കാണിക്കുന്ന സത്യവാങ്മൂലം പ്രതിനിധി വശം ഹാജരാക്കേണ്ടതാണ്. അഡ്മിഷൻ ലഭിച്ചാൽ പ്രിൻസിപ്പാൾ അനുവദിക്കുന്ന സമയത്തിനുള്ളിൽ നേരിട്ടോ പ്രതിനിധി വഴിയോ ഒറിജിനൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി അഡ്മിഷൻ നടപടി പൂർത്തിയാക്കണം.
- കോവിഡുമായി ബന്ധപ്പെട്ട് ക്വാറന്റീനിലോ ചികിത്സയിലോ ഉള്ളവർ മുൻകൂട്ടി വിവരം പ്രിൻസിപ്പാളിനെ അറിയിക്കേണ്ടതാണ്. ഇങ്ങനെയുള്ളവർ കൗൺസിലിങ്ങിൽ പങ്കെടുക്കാൻ എല്ലാ സർട്ടിഫിക്കറ്റുകളും സ്കാൻ ചെയ്ത് കോളേജിലേക്ക് അയക്കേണ്ടതാണ്. അതോടൊപ്പം ക്വാറന്റീനിലോ കോവിഡ് ചികിത്സയിലോ ആണെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റും അയച്ചു കൊടുക്കണം. ഇങ്ങനെയുള്ളവർക്ക് അഡ്മിഷൻ ലഭിച്ചാൽ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് ഓൺലൈൻ ആയി അടക്കേണ്ടതാണ്. ഇതിനുള്ള ലിങ്ക് കോളേജിൽ നിന്നും ആക്റ്റീവ് ആക്കി നൽകും. ഓൺലൈൻ ആയി യൂണിവേഴ്സിറ്റി ഫീസ് അടച്ചതിന്റെ രസീത് പ്രിൻസിപ്പലിന് അയച്ചു കൊടുക്കണം. എങ്കിൽ മാത്രമേ അഡ്മിഷൻ ലഭിക്കുകയുള്ളൂ. ക്വാറന്റീൻ സമയം അവസാനിക്കുമ്പോൾ തന്നെ അവർ ഹാജരായി ഒറിജിനൽ സർട്ടിഫിക്കറ്റുകൾ കോളേജിൽ ഹാജരാക്കി കോളേജിൽ അടക്കേണ്ട നിശ്ചിത ഫീസും അടച്ച് അഡ്മിഷൻ നടപടികൾ പൂർത്തിയാക്കണം.
- **കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട പ്രോട്ടോകോൾ അഡ്മിഷൻ സമയത്ത് നിർബന്ധമായും പാലിക്കേണ്ടതാണ്. സാമൂഹിക അകലം പാലിക്കൽ, സാനിറ്റൈസർ ഉപയോഗം തുടങ്ങിയ കാര്യങ്ങൾ ഉറപ്പു വരുത്തേണ്ടതാണ്. അഡ്മിഷൻ സമയം മുഴുവൻ വിദ്യാർഥികൾ മാസ്ക് ധരിക്കേണ്ടതാണ്. യാതൊരു കാരണവശാലും കൂട്ടം കൂടാൻ പാടില്ല. 2 മീറ്റർ അകലം നിർബന്ധമായും പാലിക്കേണ്ടതാണ്. ആൾക്കൂട്ടം ഒഴിവാക്കുന്നതിനു വേണ്ടി അഡ്മിഷൻ സമയത്ത് വിദ്യാർഥിയോടൊപ്പം ഒരാളെ മാത്രമേ കോളേജിനുള്ളിൽ പ്രവേശിപ്പിക്കുകയുള്ളൂ.**